"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ വിജയൻ എം, സിവിൽ സർജൻ- സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിന് അനുമതി നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1636/2024/H&FWD തീയതി,തിരുവനന്തപുരം, 08-07-2024

---

പരാമർശം:- 1. 04-05-2019 ലെ സ.ഉ (അച്ചടി) നം. 55/2019/ധന

2. 05-09-2022 ലെ 78/2022/ധന നമ്പർ പരിപത്രം

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11-12-2023 ലെ DHS/20166/2023-ഇഎ4 നമ്പർ കത്ത്

<u>ഉത്തരവ്</u>

കാസറഗോഡ് ബദിയടുക്ക ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജൻ ഡോ വിജയൻ എം 01/12/2023 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. 20-11-2000 ൽ സർവ്വീസിൽ പ്രവേശിച്ച ഡോ വിജയൻ എം 20 വർഷത്തെ യോഗ്യ സേവനകാലം പൂർത്തിയാക്കിയിട്ടുണ്ടെന്നും ടിയാനെതിരെ അച്ചടക്ക നടപടികളോ മറ്റു സാമ്പത്തിക ബാധ്യതകളോ നിലനിൽക്കുന്നില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ടും ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസറഗോഡ് ബദിയടുക്ക ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജൻ ഡോ വിജയൻ എം-ന് 01/12/2023 മുതൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിന് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 3 ചട്ടം 56 പ്രകാരം അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ച് ടി മെഡിക്കൽ ഓഫീസർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ വിജയൻ എം, സിവിൽ സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 08-07-2024 14:12:54
സെക്ഷൻ ഓഫീസർ

## Endorsement number EA4-20166/2023/DHS, Dated -26.07.24

ഉത്തരവിന്റെ പകർപ്പ് അറിവിനും തുടർനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**Signed by Beena K B**
**Date: 26-07-2024 14:34:11**
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

പകർപ്പ്:- ഡോ.വിജയൻ എം ,നന്ദനം ,ചാത്തമംഗലം ,കോഴിക്കോട് ,
Pin- 673601